4. കുടിശ്ശിക തുകയ്ക്ക് തപാൽ മാർഗ്ഗവും നേരിട്ടും കുടിശ്ശിക നോട്ടീസുകൾ നടത്തുകയും കാലാവധി അവസാനിക്കുന്ന മുറയ്ക്ക് നികുതി പിരിക്കുന്നതിന് നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നു.

5. കുടിശ്ശികക്കാരെ നേരിട്ട് കണ്ട് ബന്ധപ്പെട്ട ആഫീസർമാർ/ഇൻസ്പെക്ടർമാർ തുക പിരിച്ചെടുക്കുന്നു.

6. കുടിശ്ശിക നോട്ടീസുകൾ അയച്ചിട്ടും അടയ്ക്കാത്തവരുടെ മേൽ റവന്യൂ റിക്കവറി, ബാങ്ക് അക്കൗണ്ട് മരവിപ്പിക്കൽ തുടങ്ങിയ നടപടികൾക്ക് ശുപാർശ ചെയ്യുന്നു.

7. എല്ലാ ജില്ലകളിലും ഡെപ്യൂട്ടി കമ്മീഷണർ അടക്കമുള്ള സെയിൽസ് ടാക്സ് അസസിംഗ് ഓഫീസേഴ്സിന്റെ കോൺഫറൻസ് വിളിച്ചു കൂട്ടി നികുതി പിരിവ് വിലയിരുത്തുകയും ടാർജറ്റ് പിരിച്ചെടുക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു.

8. അപ്പലേറ്റ് വിഭാഗം ആഫീസർമാരുടെയും ഡെപ്യൂട്ടി കമ്മീഷണർമാരുടെയും യോഗം വിളിച്ചുകൂട്ടി അപ്പീൽ കേസുകൾ വേഗം തീർപ്പാക്കുന്നതിനും സ്റ്റേ കേസുകൾ വേഗം തീർപ്പാക്കുന്നതിനും വേണ്ട നിർദ്ദേശങ്ങൾ നൽകുന്നു.

(ബി) വിൽപ്പന നികുതി ഉദ്യോഗസ്ഥർ കട പരിശോധന നടത്തിയതിൽ 1998-99 വർഷത്തിൽ 2328 ക്രമക്കേടുകളും വാഹനങ്ങൾ പരിശോധിച്ചതിൽ 1,21,711 ക്രമക്കേടുകളും കണ്ടുപിടിച്ച് കേസുകൾ എടുത്തിട്ടുണ്ട്.

(സി) 31.2.1997 വരെയുള്ള കുടിശ്ശിക മുതലും പലിശയും ഉൾപ്പെടെ 40% വും ചേർത്ത് അടച്ച് കുടിശ്ശിക തീർക്കാൻ കമ്പനികൾ ഒഴികെയുള്ള നികുതിദായകരെ അനുവദിക്കുന്നു. പരമാവധി പലിശ അടച്ചു തീർക്കാനുള്ള മുതലിനു തുല്യമായി നിജപ്പെടുത്തിയിരിക്കുന്നു. അതുപ്രകാരം പണം അടയ്ക്കുന്ന നികുതിദായകർക്ക് അടച്ച നികുതിയോ മറ്റിനങ്ങളോ പിന്നീട് അപ്പീലിലോ, റിവിഷനിലോ കുറവു ചെയ്യപ്പെട്ടു കിട്ടുകയാണെങ്കിൽ കുറവു വരുന്ന തുക പലിശ സഹിതം തിരിച്ചു നൽകുന്നതായിരിക്കും. ഈ പദ്ധതിയുടെ കാലാവധി 31.1.2000 വരെയായിരിക്കും.

(ഡി) 1998-99 സാമ്പത്തിക വർഷം വിൽപ്പന നികുതിയിനത്തിൽ കുടിശ്ശികയായി 68.53 കോടി രൂപയും കാർഷികാദായ നികുതിയിനത്തിൽ 6.30 കോടി രൂപയും പിരിഞ്ഞുകിട്ടിയിട്ടുണ്ട്.

19 (307) പർച്ചേസ് ടാക്സ്

<u>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ</u> :

<u>ശ്രീ. കെ.പി. വിശ്വനാഥൻ</u> :

<u>ശ്രീ. കെ. അച്യുതൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എസ്.ടി.സി. റബ്ബർ സംഭരണം നടത്തുന്നതിന് പർച്ചേസ് ടാക്സ് ഒഴിവാക്കിക്കൊടുക്കണമെന്ന് കേന്ദ്ര വ്യവസായ മന്ത്രാലയം ആവശ്യപ്പെട്ടിരുന്നുവോ;

(ബി) ഇതനുസരിച്ച് എത്ര കാലം പർച്ചേസ് ടാക്സ് ഒഴിവാക്കിക്കൊടുത്തു;

(സി) അതിനുശേഷം പർച്ചേസ് ടാക്സ് ഏർപ്പെടുത്തുവാൻ കാരണമെന്ത്;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) റബ്ബർ വിലയിടിഞ്ഞ സമയത്ത് എസ്.ടി.സി. റബ്ബർ സംഭരണം നടത്തിയപ്പോൾ എന്തു തുകയ്ക്കുള്ള പർച്ചേസ് ടാക്സ് എസ്.ടി.സി. യിൽ നിന്ന് ഇതുവരെ ഈടാക്കിയിട്ടുണ്ട്;

(ഇ) ഇനി എസ്.ടി.സി. റബ്ബർ സംഭരിക്കണമെങ്കിൽ പർച്ചേസ് ടാക്സ് ഒഴിവാക്കണമെന്ന് കേന്ദ്രം അറിയിച്ചിട്ടുണ്ടോ; ഇതിന് എന്തു മറുപടി നല്കി;

(എഫ്)ഒരു മറുപടിയും നല്കാത്തപക്ഷം അതിനുള്ള കാരണം എന്തെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ആവശ്യപ്പെട്ടിരുന്നു.

(ബി) 1997 ജൂലൈ 30 മുതൽ 3 മാസത്തേക്ക് റബ്ബർ സംഭരണ ഏജൻസികളെ നികുതിയിൽനിന്ന് ഒഴിവാക്കിയിരുന്നു.

(സി) നികുതി ഇളവിന്റെ പ്രയോജനം ഉദ്ദേശിച്ച രീതിയിൽ കർഷകർക്ക് ലഭിക്കാതിരുന്നതുമൂലമാണ് അപ്രകാരം ചെയ്തത്.

(ഡി) ലഭ്യമായ കണക്കനുസരിച്ച് 98-99-ൽ 77.85 ലക്ഷം രൂപയും 99-2000-ാമാണ്ടിൽ 9.11.99 വരെ 343.27 ലക്ഷവും നികുതിയായി അടച്ചിട്ടുണ്ട്.

(ഇ) അഡ്വാൻസ് ലൈസൻസ് ഹോൾഡേഴ്സിന് വില്ക്കാൻ ഉദ്ദേശിച്ച എസ്.ടി.സി. സംഭരിച്ച റബ്ബറിന്റെ നികുതികാര്യത്തിൽ അനുകൂലമായ തീരുമാനം കൈക്കൊള്ളുന്നില്ലായെങ്കിൽ സ്വാഭാവിക റബ്ബർ ഇറക്കുമതിയിൽ ഏർപ്പെടുത്തിയിട്ടുള്ള നിരോധനം പിൻവലിക്കാൻ കേന്ദ്ര ഗവണ്മെന്റ് നിർബന്ധിതമായിത്തീരുമെന്ന് അറിയിക്കുകയുണ്ടായി. 1.7.97 മുതൽ 31.10.99 വരെ എസ്.ടി.സി. സംഭരിച്ച റബ്ബറിന്റെ വാങ്ങൽ നികുതി നിബന്ധനകൾക്കു വിധേയമായി ഒഴിവാക്കിക്കൊണ്ട് 30.11.99 ൽ എസ്.ആർ.ഒ. നം. 977/99 ആയി ഉത്തരവിറക്കിയിട്ടുണ്ട്.

(എഫ്) ഉദിക്കുന്നില്ല.

20 (308) സ്വകാര്യ മേഖലയിലെ ഫിനാൻഷ്യൽ എന്റർപ്രൈസസുകൾ

ശ്രീ. എ.കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം കേന്ദ്രമാക്കി സ്വകാര്യമേഖലയിൽ എത്ര ഫിനാൻഷ്യൽ എന്റർപ്രൈസസ്സുകൾ പ്രവർത്തിക്കുന്നുണ്ട്; ഇവ ഏതെല്ലാം;

(ബി) ഈ ധനകാര്യ സ്ഥാപനങ്ങൾ ഏതു നിയമത്തിന്റെ പരിധിയിലാണ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) വ്യവസ്ഥകൾക്ക് വിപരീതമായി കൂടുതൽ ഡെപ്പോസിറ്റുകൾ സ്വീകരിക്കുന്നതും അമിത പലിശ ഈടാക്കുന്നതുമായ ഇത്തരം സ്വകാര്യ സ്ഥാപനങ്ങൾക്കെതിരെ സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly